**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5751** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം വൈകിട്ട് 6 മണി വരെ ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | 09-10-2017 തീയതിയിലെ സ.ഉ.(സാധാ) നം.2782/2017/ആകുവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെയാണ്. ആദിവാസി ജനവിഭാഗങ്ങൾ കൂടുതലായുള്ള വയനാട് ജില്ലയിലെ 17 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 15 കേന്ദ്രങ്ങളിലും പാലക്കാട് ജില്ലയിലെ പുതുർ, പെരുമാട്ടി, ഷോളയൂർ, വണ്ടാഴി എന്നീ സ്ഥാപനങ്ങളിലും വൈകുന്നേരം 6 മണിവരെ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. |
| (ബി) | അധിക ഡോക്ടറുടെ സേവനം ലഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കുടുംബാരോഗ്യകേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടെയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരുടെയും സേവനം വിനിയോഗിക്കുന്നതിനും അതിനാവശ്യമായ വേതനം തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ.ഉ.(കൈ)നം.115/2022/ തസ്വഭവ തീയതി 28.05.2022 (ഖണ്ഡിക 7.6.2) പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ